Talented Bankers Literary Panel
പുസ്തക പരിചയം 165

പുസ്തകം പരിചയപ്പെടുത്തുന്നത്,
അനിത വി കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ലോക്കൽ ഹെഡ് ഓഫീസ്,
തിരുവനന്തപുരം.

ലിറ്റിൽ പ്രിൻസ്
അന്തോൻ ദി സാങ്ത് എക്സ്യുപെരി.

ഇപ്പോഴും എനിക്കു വായിക്കാനിഷ്ടം ഫാന്റസിയും മാന്ത്രികതയും നിറഞ്ഞ കുട്ടികഥകളാണ്... റിലാക്സ്ഡ് ആകാൻ ഞാൻ കണ്ടു പിടിച്ചിരിക്കുന്ന കുറുക്കുവഴി. ബാലരമ.. കാർട്ടൂൺ ചാനൽ.. പഴയ ഫാന്റം, മാൻഡ്രേക്.. ടാർസൻ.. എന്റെ മാത്രം കളക്ഷൻ ആയ സൂത്രനും ഷേരുവും.
ഒരു ഓഡിറ്റ് കഴിഞ്ഞതിന്റെ ഹാങ്ങോവറിൽ ഇരുന്നപ്പോഴാണ് യാദൃച്ഛികമായി "ലിറ്റിൽ പ്രിൻസി"നെ കാണുന്നത്.. പുറംചട്ടയും അകത്തെ കുത്തിവരകളും കണ്ടപ്പോൾ വാങ്ങാതിരിക്കാൻ കഴിഞ്ഞില്ല. മുതിർന്നവർക്ക് വേണ്ടി എഴുതിയ ഈ കുട്ടിക്കഥ, ഏറ്റവും നല്ല കാര്യങ്ങൾ ഏറ്റവും ലളിതമായിരിക്കുമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു.
എല്ലാ മുതിർന്നവരും ഒരിക്കൽ കുട്ടികളായിരുന്നു. (ചിലർക്ക് മാത്രമേ അതോർമ്മ കാണൂ ).
ആറുവയസ്സുള്ളപ്പോൾ "പ്രകൃതിയിലെ വാസ്തവ കഥകൾ "എന്നൊരു പുസ്തകം ഗ്രന്ഥകാരൻ വായിക്കാനിടയായി. അതിലെ "പെരുമ്പാമ്പുകൾ ഇരയെ വിഴുങ്ങുകയാണ്, അതിനുശേഷം ദഹനത്തിന് വേണ്ടി ആറുമാസം ഉറക്കത്തിലായിരിക്കും " എന്ന വാചകം അദ്ദേഹത്തെ ആകർഷിച്ചു.
ആദ്യത്തെ ചിത്രം ആ വാചകത്തിൽ നിന്നും പിറന്നു... ആനയെ വിഴുങ്ങിയ പെരുമ്പാമ്പ്.. എന്തു ചെയ്യാം കണ്ടവർക്കാർക്കും ആ ചിത്രം മനസ്സിലായില്ല, ഒരു തൊപ്പി എന്നതിനപ്പുറം. മുതിർന്നവരെ മനസ്സിലാക്കിക്കാൻ പാമ്പിന്റെ ഉൾവശം വരച്ച ചിത്രകാരനെ, മുതിർന്നവർ നിരുത്സാഹപ്പെടുത്തി, കണക്കും സയൻസും ഒക്കെ പഠിക്കാൻ പറഞ്ഞ്.
എന്തുചെയ്യാനാണ്, മുതിർന്നവർക്ക് കാര്യങ്ങൾ തനിയെ മനസ്സിലാവില്ല, എപ്പോഴും വിശദീകരിച്ച് കുട്ടികൾക്ക് മടുപ്പാകും! അങ്ങനെ പഠിച്ചു ഗ്രന്ഥകാരൻ പൈലറ്റ് ആയി, ഒരുപാടാൾക്കാരെ പരിചയപ്പെട്ടു. മനസ്സിന് വെളിവുണ്ടെന്നു തോന്നുന്ന ആൾക്കാരെ തന്റെ ആദ്യ ചിത്രം കാണിക്കും.. ആനയെ വിഴുങ്ങിയ പെരുമ്പാമ്പ്.. കണ്ടവരെല്ലാം ഒരേ സ്വരത്തിൽ തൊപ്പി എന്നേ പറഞ്ഞിട്ടുള്ളൂ. എന്തു കഷ്ട്ടം. പിന്നെ സ്വയം അവരുടെ നിലവാരത്തിലേക്ക് താഴ്ന്നു സിനിമ, കളികൾ,

ലോകകാര്യങ്ങൾ ഇവയൊക്കെ സംസാരിക്കും, ഇത്രയും വിവരമുള്ള മനുഷ്യനെ പരിചയപ്പെട്ടതിൽ അവർക്കു സന്തോഷം ഉണ്ടാകും വരെ.
അങ്ങനെയിരിക്കെ, സഹാറ മരുഭൂമിയിൽ വച്ച് ഗ്രന്ഥകാരന്റെ വിമാനം അപകടത്തിൽ പെടുന്നു. തകർന്ന എൻജിൻ,സ്വയം നന്നാക്കാൻ കുറച്ചു സമയം എടുക്കും.. ഒറ്റയ്ക്ക് സങ്കടപ്പെട്ടിരുന്നപ്പോൾ ആ വിജനതയിൽ നിന്നൊരു ചോദ്യം.. "ഒരു ചെമ്മരിയാടിനെ വരച്ചു തരുമോ ". അസാധാരണ വേഷഭൂഷാദികളോടെ ഒരു കുഞ്ഞു മനുഷ്യൻ. ആകെ വരച്ചിട്ടുള്ള ചിത്രം കൊടുത്തപ്പോഴുള്ള പ്രതികരണം ഞെട്ടിക്കുന്നതായിരുന്നു..."പെരുമ്പാമ്പ് വിഴുങ്ങിയ ആനയൊന്നും വേണ്ട.. ചെമ്മരിയാടിനെ മതി. ഒരാളെങ്കിലും തന്റെ ചിത്രത്തെ തിരിച്ചറിഞ്ഞ സന്തോഷത്തിൽ ഗ്രന്ഥകാരൻ ആടിനെ വരയ്ക്കാൻ ആരംഭിച്ചു. വരച്ചു കൊടുത്ത ആടിനെയൊന്നും അവനിഷ്ടപ്പെട്ടില്ല.. ഒടുവിൽ ദേഷ്യം വന്നു ഒരു പെട്ടി വരച്ചു.. പെട്ടിക്കുള്ളിൽ ആട് ഉറങ്ങികിടപ്പുണ്ട് എന്ന വിശദീകരണം അവനിഷ്ടമായി.. അങ്ങനെ അവർ കൂട്ടുകാരായി.. ലിറ്റിൽ പ്രിൻസിന്റെ മറ്റൊരു കൂട്ടുകാരിയായ പൂവിനെ.. പെട്ടിക്കുള്ളിലെ ആട് തിന്നാതിരിക്കാനായി.. ആടിനൊരു വായ്പൂട്ടും വരച്ചു വച്ചു.
വളരെ ചെറിയ, ഒരു വീടിനോളം മാത്രം വലിപ്പമുള്ള ഒരു ന്ന ഗ്രഹത്തിൽ നിന്നാണ് ലിറ്റിൽ പ്രിൻസ് വരുന്നത്. അവിടുള്ള ഒരേ ഒരു പൂവുമായി പിണങ്ങി നാടുവിട്ടതാണ് പ്രിൻസ്. അടുത്തുള്ള ഛിന്നഗ്രഹത്തിൽ വിചിത്രമായ അനുഭവങ്ങളാണ് പ്രിൻസിനെ കാത്തിരുന്നത്. ലിറ്റിൽ പ്രിൻസിന്റെ അനുഭവങ്ങളിലൂടെയാണ് പുസ്തകം മുന്നേറുന്നത്. ഒടുവിൽ ഈ മരുഭൂമിയിൽ എത്തിയ പ്രിൻസിന് നിസ്സാര കാരണത്തെ ചൊല്ലി പൂവിനോട് കലഹിക്കേണ്ടി വന്നതിൽ ഖേദം തോന്നി. ഗ്രന്ഥകാരന്റെ വിമാനം നന്നാക്കി കഴിഞ്ഞപ്പോൾ പ്രിൻസ് സ്വന്തം നക്ഷത്രത്തിലേക്കു തിരിച്ചു പോകുന്നു. തികച്ചും വിചിത്രമായ രീതിയിൽ.
പുസ്തകം നിറയെ ചിത്രങ്ങളുമുണ്ട്, നല്ലൊരാനുഭവമാണ് മുതിർന്നവർക്ക് വേണ്ടി എഴുതിയ ഈ കുട്ടിക്കഥ. നമ്മുടെ കുഞ്ഞു രാജകുമാരനെയും കുഞ്ഞു പൂവിനെയും പരിചയപ്പെടൂ.
ഈ പുസ്തകം നിങ്ങൾ വായിക്കുമെങ്കിൽ. എവിടെ വച്ചെങ്കിലും കാണാൻ പറ്റുമെങ്കിൽ, ആടിന് വായ്പൂട്ടു വച്ചെങ്കിലും അതിൽ തോൽവാർ പിടിപ്പിക്കാൻ മറന്ന കാര്യം പറയണം. കൂട്ടത്തിൽ സ്ഫടിക ഗോളം കൊണ്ട് പൂവിനെ അടച്ചു സംരക്ഷിക്കാനും.

നാക്കുളുക്കുന്ന പേരാണ് ഗ്രന്ഥകാരന്... അന്ത്വാൻ ദി സാങ്ത് എക് സ്യുപെരി....
ജീവിതവും കഥ പോലെ വിചിത്രം.
ഒരു നൂറ്റാണ്ടിനുമുൻപ് ഫ്രാൻസിൽ ജനിച്ചു.. സാഹസികനായ വൈമാനികനായിരുന്നു. വിമാനാപകടങ്ങളിൽ പെട്ട് ഗുരുതര ശാരീരിക പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും മിലിറ്ററി പൈലറ്റ് ആയി ജോലി നോക്കി. നിരീക്ഷണത്തിനായി 1944 ൽ കോർസിക്കയിൽ നിന്നും പറന്നുയർന്ന അദ്ദേഹം തിരിച്ചെത്തിയില്ല.60 വർഷങ്ങൾക്കു ശേഷം

മാഴ്സെയിൽസിലെ കടൽ തട്ടിൽ നിന്നും കണ്ടെടുത്ത അവശിഷ്ടങ്ങൾ അദ്ദേഹത്തിന്റേതാണെന്നു സ്ഥിരീകരിക്കപ്പെട്ടു.
അദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ കൃതിയാണ് Le petet prince. ഒരു നൂറ്റാണ്ടിന് മുൻപേഴുതിയതെങ്കിലും ഇന്നും കാലിക പ്രസക്തിയുണ്ട് ഈ കൃതിക്ക്.

ലിറ്റിൽ പ്രിൻസ്
അന്ത്വാൻ ദി സാങ്ത് എക്സ്യുപെരി.
ലോഗോസ് ബുക്സ് പ്രസിദ്ധീകരണം
വില-90 രൂപ.